VI. റിപ്പോർട്ട് സമർപ്പണം

ശ്രീ. കടവൂർ ശിവദാസൻ: പൊതുമേഖലാ സ്ഥാപനങ്ങൾക്കായുള്ള സമിതിയുടെ ചെയർമാനായ ഞാൻ സമിതിയുടെ 89 മുതൽ 98 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

ശ്രീ. തോമസ് ചാഴികാടൻ: ഹർജികൾ സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ പതിനൊന്നും പന്ത്രണ്ടും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

പ്രൊഫ. സാവിത്രി ലക്ഷ്മണൻ: സ്ത്രീകളുടെയും കുട്ടികളുടെയും വികലാംഗരുടെയും ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷയായ ഞാൻ സമിതിയുടെ ഒൻപതും പത്തും റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

.....(ബഹളം).....

മി.സ്പീക്കർ: പ്ലീസ്.....പ്ലീസ്..... ദയവുചെയ്ത് ഇരിക്കു. ഒരു കാര്യം കേൾക്കു. നമുക്കെല്ലാവർക്കും അറിയാവുന്ന കാര്യമാണ്. ഒരാൾ രാജിവച്ചു എന്നുവയ്ക്കുക. രാജി സ്വീകരിക്കണം, അതിന് ചില നടപടിക്രമങ്ങളൊക്കെയുണ്ട്. ഔദ്യോഗികമായി അങ്ങനെ എന്തെങ്കിലും വിവരം കിട്ടിയിട്ടില്ല.

VII. ധനകാര്യം

2005-2006 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ): സർ, വാഹനനികുതികൾ എന്ന IX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും ഗതാഗതം എന്ന XLI-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്ക് നേരെ 5-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുക 2005-06 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു. പ്രസ്തുത ധനാഭ്യർത്ഥനകൾ സംബന്ധിച്ച ഒരു നയരേഖയും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വി. രാഘവൻ): ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

.....(ബഹളം).....

പ്രത്യേക പരാമർശം (തുടർച്ച)

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻചാണ്ടി): സർ, ഞാൻ പറയുന്നതിനിടയ്ക്ക് ബഹളം വച്ചാൽ എനിക്ക് എന്ത് ചെയ്യാൻ പറ്റും? ഞാൻ പറയാൻ തയ്യാറാണ്. ഈ സഭയെ വിശ്വാസത്തിലെടുത്ത് മാത്രമേ ഞങ്ങൾ കാര്യങ്ങൾ ചെയ്യുന്നുള്ളു. ഇപ്പോൾ സഭയെ അറിയിക്കേണ്ട വിധത്തിലുള്ള ഒരു സംഭവവികാസവും ഇല്ല. ശ്രീ. അനിൽകുമാറിന്റെ രാജിക്കത്ത് കിട്ടി. രാജി സ്വീകരിച്ചിട്ടില്ല. ഇന്നും പിന്നോക്ക-പട്ടിക സമുദായ ക്ഷേമവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി ശ്രീ. എ. പി. അനിൽകുമാർ തന്നെയാണ്.

.....(ബഹളം).....

LIBRARY ARCHIVES Kerala Legislative Assembly